● ആമുഖം

# സ്ത്രീ ശാക്തീകരണത്തിന്റെ വഴികൾ

ഈ ഭൂമിയിൽ എല്ലാ ജീവജാലങ്ങൾക്കും പ്രാപഞ്ചികമായ ഒരു നിയോഗ ലക്ഷ്യമുണ്ട്. അനായാസേന ആ ലക്ഷ്യം സാധിക്കുന്നതിന്നനുയോജ്യമായ വിധത്തിലാണ് ദൈവം അവയെ സൃഷ്ടിച്ചിട്ടുള്ളത്. ഓരോ ജീവിയുടെയും ശരീര ഘടന തന്നെയാണ് അതിനു ഏറ്റവും പ്രകടമായ തെളിവ്. പൊതുവായ ഈ നിയമത്തിന്നപവാദമല്ല മനുഷ്യനും. സ്ത്രീക്കും പുരുഷനും ഈ ഭൂമിയിൽ നിർവ്വഹിക്കാനുള്ള പ്രാപഞ്ചിക ദൗത്യം വ്യത്യസ്തമാണ്. അതിനാൽ സ്ത്രീയുടെ പ്രാപഞ്ചിക ദൗത്യമായ ഗർഭധാരണം, പ്രസവം, സന്താന പരിപാലനം തുടങ്ങിയവയുടെ നിർവ്വഹണത്തിന്നിണങ്ങുന്ന വിധത്തിലാണ് അവളുടെ ശാരീരികവും മാനസികവും ചിന്താപരവുമായ ഘടന.

പ്രാപഞ്ചികവും പ്രകൃതിപരവുമായ ഈ ദൗത്യത്തിനു പുറമെ മനുഷ്യനു പ്രത്യേകമായി ഭൂമിയിൽ നിർവ്വഹിക്കാനുള്ള ചില സാംസ്കാരിക ദൗത്യങ്ങൾ കൂടിയുണ്ട്. അതാണ് പ്രവാചകന്മാരിലൂടെ ദൈവം പഠിപ്പിച്ച ശരീഅത്ത് നിയമങ്ങൾ. ഈ രണ്ടു നിയമങ്ങളും ഒരേ സ്രോതസ്സിൽ നിന്നായതിനാൽ അവയ്ക്കിടയിൽ പൂർണമായ സാധർമ്യമല്ലാതെ ഒരിടത്തും വൈരുധ്യങ്ങൾ കണ്ടെത്താനാവുകയില്ല. എന്നാൽ എപ്പോഴൊക്കെ മനുഷ്യൻ ദൈവപ്രോക്തമായ ശരീഅത്ത് നിയമങ്ങൾ തള്ളിക്കളയുന്നുവോ, അപ്പോഴൊക്കെ അവനു പ്രാപഞ്ചിക നിയമങ്ങളോടേറ്റുമുട്ടേണ്ടിവരികയും ജീവിതത്തിൽ വൈരുധ്യങ്ങൾ നേരിടേണ്ടിവരികയും തദ്വാരാ അതിന്റെ ദുരിതങ്ങൾ ഏറ്റുവാങ്ങേണ്ടി വരികയും ചെയ്തിട്ടുണ്ട്.

സ്ത്രീ ശാക്തീകരണത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ പ്രധാനമായും നമ്മുടെ മുമ്പിലുണ്ടായിരിക്കേണ്ട ചില യാഥാർഥ്യങ്ങളാണിത്. ഇത് പരിഗണിക്കാതെ വരുമ്പോൾ പരിഷ്കരണം ഉദ്ദേശിച്ചു മനുഷ്യൻ ഉണ്ടാക്കുന്ന പല നിയമങ്ങളും അവനു തന്നെ വിനയായി മാറുന്നതായാണ് അനുഭവം. പല കാരണങ്ങളാൽ ദീർഘ കാലമായി പന്നാക്കം നിൽക്കുന്ന സ്ത്രീ വിഭാഗത്തെ മുന്നോട്ടു കൊണ്ടുവരാൻ ലോകരാഷ്ട്രങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന മാർഗങ്ങൾ പരിശോധിച്ചുനോക്കുക. മനുഷ്യൻ കാലാകാലങ്ങളിൽ സൂക്ഷിച്ചുപോന്ന എല്ലാ വിശുദ്ധ ബന്ധങ്ങളുടേയും മൂല്യങ്ങളുടെയും നിരാസവും തജ്ജന്യമായ സ്വാതന്ത്ര്യവുമാണ് അതിനുവേണ്ടി അവർ പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത്. മാന്യമായി വസ്ത്രം ധരിക്കുന്നത് ബന്ധനവും അർദ്ധ നഗ്നയായി അഴിഞ്ഞാടുന്നത് സ്വാതന്ത്ര്യവുമാവുമ്പോൾ വിമോചനത്തിന്റെ പാത ഈ വൈരുധ്യങ്ങളിലാണ് ചെന്നു മുട്ടുന്നത്. കാരണം ഈ സ്വാതന്ത്ര്യം കരസ്ഥമാക്കുന്ന സ്ത്രീക്ക് ഒരിക്കലും അവളുടെ നൈസർഗികവും പ്രാപഞ്ചികവുമായ ധർമ്മത്തോട് നീതി കാണിക്കാൻ കഴിയുകയില്ല.

പ്രാപഞ്ചിക നിയമത്തിൽ സ്ത്രീയും പുരുഷനും തുല്യരല്ലെങ്കിൽ പിന്നെ സാമൂഹിക ജീവിതത്തിലും സാംസ്കാരിക നിയമത്തിലും അവരെ ഒരേ ചരടിൽ കോർത്തുകെട്ടുന്നതിൽ അർത്ഥമില്ല. ഇന്നു പുരോഗതിയുടെയും പരിഷ്കാരത്തിന്റെയും പേരിൽ സ്ത്രീകളെ അവരുടെ യഥാർത്ഥ പ്രവർത്തന മേഖലയിൽ നിന്നും ദൗത്യ നിർവ്വഹണത്തിൽ നിന്നും തടഞ്ഞു, പുരുഷൻമാർക്കൊപ്പം ഓഫീസുകളിലും പൊതുമേഖലകളിലും ജോലിചെയ്യാൻ സംവിധാനങ്ങളുണ്ടാക്കിയത് ഈ രംഗത്ത് വലിയ വിപ്ലവമായി ചിലർ ഘോഷിക്കാറുണ്ട്. ഫെമിനിസ്റ്റുകൾ മാത്രമല്ല ചിലപ്പോഴൊക്കെ ഇസ്‌ലാമിസ്റ്റുകളിൽ ചിലരും അങ്ങോട്ട് ചായുന്നതായിട്ടാണ് പലപ്പോഴും കണ്ടുവരുന്നത്. വാസ്തവത്തിൽ ഇതുമുഖേന സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയാണോ ചെയ്തത്? അതല്ല അവരുടെ യഥാർത്ഥ നിയോഗത്തിൽ നിന്നവർ ക്രൂരമായി അകറ്റപ്പെടുകയോ? ഏതായാലും വിശുദ്ധ ഖുർആനിലൂടെ കണ്ണോടിച്ചാൽ കുടുംബത്തിന്റെ ഭൗതിക-സാമ്പത്തിക സംരക്ഷണോത്തരവാദിത്വം ഇസ്‌ലാം സ്ത്രീക്ക് നല്കിയിട്ടില്ലെന്നത് നിസ്തർക്കമാണ്. എന്തുകൊണ്ടാണിതെന്നു മുസ്‌ലിം സ്ത്രീകളെങ്കിലും ചിന്തിക്കേണ്ടതല്ലേ. അവളുടെ പ്രവർത്തന മേഖല വേറെയാണെന്നല്ലേ ഇത് സൂചിപ്പിക്കുന്നത്?

വീടായിരുന്നു യഥാർത്ഥത്തിൽ അവരുടെ കർമ്മ ഭൂമി. ശ്രേഷ്ഠമായ ഒരു തലമുറയെ ഉദാത്തമായ സാംസ്കാരിക മൂല്യങ്ങളാവുന്ന വെള്ളവും വളവും നൽകി വളർത്തിയെടുക്കുകയായിരുന്നു അവരുടെ ചുമതല. വേദവും സംസ്കാരവും അതിനാവശ്യമായ നിയമങ്ങളാണവൾക്കു നൽകിയിട്ടുള്ളത്. അവരുടെ ശാരീരികവും മാനസികവും ചിന്താപരവുമായ ഘടനയും അതിന്നുതകുന്ന വിധത്തിലാണ്. അതിനാൽ ഈ രണ്ടു നിയമങ്ങളുടെയും സംയോജനത്തിലും സാധർമ്മ്യത്തിലുമാണ് സ്ത്രീയുടെ വിജയമെന്ന് അവൾ തിരിച്ചറിയുന്നില്ലെങ്കിൽ, അവളോടൊപ്പം നാടും നാട്ടുകാരും ഒന്നിച്ചായിരിക്കും നാശത്തിലേക്ക് കൂപ്പുകുത്തുന്നത്. ഒരു തലമുറയുടെ ശിൽപിയെന്ന ചുമതല നിർവ്വഹിക്കാൻ അവൾക്കു കഴിയാതെ പോയാൽ തന്റെ സ്ത്രൈണതയും മാന്യതയും മാതൃത്വവും സംരക്ഷിക്കാൻ കഴിയാതെ പോവുന്നു എന്നതും ഈ രംഗത്തവൾ അനുഭവിക്കേണ്ടിവരുന്ന കയ്പേറിയ സത്യമാണ്. മറിച്ചാണെങ്കിൽ മാനുഷ്യകത്തിനു ശോഭായമാനമായ ഒരു ഭാവി അവൾക്കു വാഗ്ദാനം ചെയ്യാൻ സാധിക്കും. അതുകൊണ്ടാണ് പഴമക്കാർ പറഞ്ഞത്: 'മഹാനായ എല്ലാ പുരുഷന്റെയും പിന്നിൽ ഒരു സ്ത്രീയുണ്ട്. എല്ലാ പരാജിതന്റെ പിന്നിലുമുണ്ട് ഒരു സ്ത്രീ'. ചരിത്രം നൽകുന്ന അനുഭവ പാഠവും ഇതുതന്നെയല്ലേ.

സ്ത്രീകൾ ഒരിക്കലും പുറം ജോലികൾ ചെയ്യരുതെന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. അതൊരു നഷ്ടപ്പെട്ട അവകാശമായി കാണുന്നതാണ് തെറ്റ്. നിലനിൽപിനു മറ്റു മാർഗങ്ങളില്ലാതെ വരുമ്പോൾ തന്റെ മാന്യതയും മൂല്യങ്ങളും സംരക്ഷിച്ചുകൊണ്ട് കഴിവിൽ പെട്ട ഏത് ജോലിയും സ്ത്രീക്ക് ചെയ്യാവുന്നതാണ്. എന്നല്ല ചില ജോലികൾ സ്ത്രീകൾക്കു മാത്രമായി മാറ്റിനിർത്തപ്പെടുക തന്നെ വേണമെന്നാണ് നമ്മുടെ പക്ഷം. വൈദ്യശാസ്ത്ര രംഗത്ത് ഗൈനക്കോളജി വിഭാഗം, വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികൾക്കു മാത്രമായുള്ള ക്ലാസ്സുകൾ, സ്ഥാപനങ്ങൾ തുടങ്ങിയവ ഉദാഹരണം. ഇങ്ങനെ വരുമ്പോൾ മുകളിൽ പറഞ്ഞ ഏറ്റുമുട്ടലുകളും വൈരുധ്യങ്ങളുമില്ലാതെ അവർക്കു ജോലിചെയ്യാനും പ്രയാസമുണ്ടാവില്ല.

ഏതായാലും ശാക്തീകരണത്തിന്റെ വഴികൾ ചൂഷകന്മാർ തെരഞ്ഞെടുക്കുന്നതാവരുത്. ബുദ്ധിയുടെയും പ്രമാണങ്ങളുടെയും മനുഷ്യ പ്രകൃതിയുടെയും വെളിച്ചത്തിൽ ബോധപൂർവ്വം ആസൂത്രണം ചെയ്യുന്നതാവണമെന്നാണ് ഞങ്ങളുടെ പക്ഷം. ■